# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1804 — 07/03/2018-ൽ മറുപടിക്ക്

## പാലിയേറ്റീവ്, കീമോ തെറാപ്പി സെന്ററുകളും വാർഡുകളും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.സി. ജോർജ് | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് കാൻസർ, ഷുഗർ രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ, സംസ്ഥാനത്തെ വിവിധ പി.എച്ച്.സി., ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽ പാലിയേറ്റീവ്, കീമോ തെറാപ്പി സെന്ററുകളും വാർഡുകളും സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; | എ) | എല്ലാ ജില്ലകളിലും ഒരു ക്യാൻസർ ചികിത്സാ കേന്ദ്രം എന്ന ഉദ്ദേശ ലക്ഷ്യവുമായി സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ച ജില്ലാ ക്യാൻസർ കെയർ പദ്ധതിയിലൂടെ സംസ്ഥാനത്തെ പതിനെട്ടോളം ആശുപത്രികളിൽ കീമോ തെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ സംവിധാനം സജ്ജമാക്കിയിട്ടുണ്ട്. ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലകളിലെയും ഒരു പ്രധാന ആശുപത്രിയിൽ മൂർദ്ധന്യാവസ്ഥയിലുള്ള ക്യാൻസർ രോഗികളെ പരിചരിക്കുന്നതിനുള്ള പാലിയേറ്റീവ് കീമോതെറാപ്പി വാർഡും യൂണിറ്റും സജ്ജീകരിച്ചിട്ടുണ്ട്. അഭയം എന്ന പേരിൽ ആരംഭിച്ച ഈ പദ്ധതിയിലൂടെ ഗുരുതരാവസ്ഥയിലുള്ള നിരവധി രോഗികൾക്ക് പാലിയേറ്റീവ് കീമോതെറാപ്പിയും വേദനരഹിത ചികിത്സാ വിധികളും പ്രദാനം ചെയ്യുന്നതാണ്. |
| ബി) | ഇതിലേക്കായി ആരോഗ്യ വകുപ്പിൽ പ്രത്യേക സംഘത്തെ രൂപീകരിച്ച് പഠനം നടത്തി, ഈ സംവിധാനം സംസ്ഥാനത്ത് എല്ലായിടത്തും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | ബി) | സംസ്ഥാനത്ത് ആരോഗ്യ വകുപ്പിൽ ഓങ്കോളജി ബിരുദധാരികളുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള ഡോക്ടർമാർക്ക് വിദഗ്ധ പരിശീലനം നൽകിയാണ് ജില്ലാ ക്യാൻസർ കെയർ സെന്ററുകളിലും പാലിയേറ്റീവ് കീമോതെറാപ്പി സെന്ററുകളിലും വിന്യസിച്ചിരിക്കുന്നത്. അതുകൊണ്ട് തന്നെ സമയ ദൈർഘ്യമുള്ള ഈ പദ്ധതി ഘട്ടംഘട്ടമായി മാത്രമേ നടപ്പിലാക്കാൻ സാങ്കേതികമായി സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ